No. CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

## KEAM-2018

# ഫീസ് തിരികെ ലഭിക്കാൻ അർഹതയുള്ള വിദ്യാർത്ഥികൾ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കണം

2018–ലെ സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയിട്ടുള്ള ഫീസ് തുക/ബാക്കി തുക തിരികെ ലഭിക്കാൻ അർഹതയുള്ള വിദ്യാർത്ഥികളുടെ പട്ടിക www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ KEAM 2018 റോൾ നമ്പർ ക്രമത്തിലുള്ള പട്ടികയിൽ പേര്, തിരികെ ലഭിക്കാൻ അർഹതയുള്ള തുക എന്നിവയും കാണിച്ചിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും ഫീസ്/ബാക്കി തുക തിരികെ ലഭിക്കാൻ അർഹതയുള്ളതുമായ വിദ്യാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ KEAM 2018-Candidate Portal എന്ന ലിങ്കിൽ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ നൽകി പ്രവേശിച്ച് "Refund-Bank Details" എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ **2018 ഡിസംബർ 3 (തിങ്കളാഴ്ച) വൈകുന്നേരം 5 മണിയ്ക്കു** മുൻപായി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. പ്രസ്തുത അക്കൗണ്ടിലേയ്ക്ക് ഫീസ്/ബാക്കി തുക ലഭ്യമാക്കുന്നതാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തി ശരിയാണെന്ന് ഉറപ്പുവരുത്തി Submit ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. തുടർന്ന് Print Bank Details എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈനായി നൽകിയ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ അടങ്ങുന്ന ഒരു സ്ലിപ്പ് വെബ്സൈറ്റിൽ നിന്നും പ്രിന്റൗട്ട് എടുക്കേണ്ടതാണ് ഈ പ്രിന്റൗട്ട് വിദ്യാർത്ഥികൾ ഭാവി ആവശ്യത്തിനായി സൂക്ഷിക്കേണ്ടതാണ്.

**കുറിപ്പ്:** ഓൺലൈനായി സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശരിയാണെന്ന് വിദ്യാർത്ഥികൾ ഉറപ്പു വരുത്തേണ്ടതാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ തെറ്റായി നൽകിയാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുന്നതല്ല.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2332123, 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
29.11.2018

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**